ഉത്തരം

(എ) ഉണ്ട്.

(ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂട്ടുതൽ നൽകിക്കൊണ്ടാണ് RSS 4, RSS 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുന്നത്. റബ്ബർമാർക്ക് ഇതിനകം 804.99 ടൺ റബ്ബറും മാർക്കറ്റ്ഫെഡ് 422.33 ടൺ റബ്ബറും സഭരിച്ചിട്ടുണ്ട്.

(സി) റബ്ബർ സംഭരണംമൂലം നിലവിലുള്ള വില താഴുപോകാതെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമായതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനത്തിലൂടെ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളിൽ സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബറിനും മറ്റ് രൂപങ്ങൾക്കും നിലവിലുണ്ടായിരുന്ന 5 ശതമാനം വാങ്ങൽ നികുതി 20-12-2014 മുതൽ 31-3-2015 വരെ ഒഴിവാക്കിക്കൊണ്ട് 20-12-2014-ൽ വിജ്ഞാപനവും (എസ്.ആർ.ഒ. നമ്പർ 796/2014) തുടർന്ന് പ്രസ്തുത സ്കീമിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 22-12-2014-ൽ സ.ഉ.(പി) നമ്പർ 207/2014/നികുതി സർക്കാർ ഉത്തരവും ആയതിൽ ചില മാറ്റങ്ങൾ വരുത്തി 21-1-2015-ലെ സ.ഉ.(പി) നമ്പർ 16/2015/നികുതി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

റബ്ബർ സംഭരണം

169 (†1585) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാങ്ങൽ നികുതിയും ഇറക്കുമതിച്ചുങ്കവും ക്രമീകരിക്കുന്നത് സംബന്ധിച്ച വൻകിട ടയർ കമ്പനികളുടെ പ്രതിനിധികളുമായി ഉണ്ടാക്കിയ ധാരണ എന്തായിരുന്നു എന്ന് വിശദമാക്കാമോ ; 18-12-2014-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്നും വ്യക്തമാക്കുമോ ;

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ധാരണയെത്തുടർന്ന് റബ്ബർ ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ഇതിനകം സംസ്ഥാനത്തുനിന്ന് റബ്ബർ സംഭരിച്ചതും വിപണനം നടത്തിയതും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; മൊത്തം ഉൽപ്പാദനത്തിന്റെ എത്ര ശതമാനമാണിത് ;

(സി) റബ്ബർ വ്യവസായ പ്രമുഖരുമായി ഉണ്ടാക്കിയ ധാരണയുടെ ഫലമായി, റബ്ബർ കൃഷിക്കാർക്കും റബ്ബർ വ്യവസായികൾക്കും ഉണ്ടായ നേട്ടങ്ങൾ വിശദമാക്കാമോ; സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ അത് എത്ര കോടിയാണെന്ന വ്യക്തമാക്കാമോ;

(ഡി) ഇതിലൂടെ റബ്ബറിന്റെ വിലയിടിവ് തടയാൻ സാദ്ധ്യമായിട്ടുണ്ടോ ; എത്ര ശതമാനം വില വർദ്ധനയായിരുന്നു ലക്ഷ്യമെന്ന് വ്യക്തമാക്കുമോ ?

(ഇ) ഈ തീരുമാനത്തിനുശേഷം ഇന്ത്യാ ഗവൺമെന്റ് ഇറക്കുമതി ചെയ്ത റബ്ബർ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ബഹു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, അഡീഷണൽ ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, നികുതി വകുപ്പ് സെക്രട്ടറി, വാണിജ്യനികുതി കമ്മീഷണർ, റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ, ടയർ കമ്പനികളുടെ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത. റബ്ബറിന്റെ താങ്ങുവില പദ്ധതി നോട്ടിഫൈ ചെയ്യുന്ന തീയതിയായ 20-12-2014 മുതൽ 2015 മാർച്ച് 31 വരെ പ്രഭാബല്യത്തിലുണ്ടാകും. അന്താരാഷ്ട്ര വിലയെ അടിസ്ഥാനമാക്കി റബ്ബർ ബോർഡ് എല്ലാ ദിവസവും റബ്ബറിന്റെ വില പ്രഖ്യാപിക്കും. വിലയോടൊപ്പം 20 ശതമാനം കസ്റ്റംസ് ഡ്യൂട്ടിയും 5 ശതമാനം പർച്ചേസ് ടാക്സും ചേർത്ത് നിർമ്മാണ യൂണിറ്റുകളോ ഏജന്റുകളോ ഡീലർമാരിൽനിന്നും റബ്ബർ വാങ്ങും. പർച്ചേസ് ചെയ്തതിന്റെ പ്രൂഫ് കാണിച്ചാൽ പർച്ചേസ് ടാക്സിന്റെ 50 ശതമാനം സർക്കാർ നിർമ്മാതാക്കൾക്ക് മടക്കി നൽകും. ശേഷിക്കുന്ന 50 ശതമാനം വാറ്റിന്റെ റീഫണ്ട് ക്ലെയിമായി കണക്കാക്കും. കർഷകർ ഏറ്റവുമധികം ഉൽപ്പാദിപ്പിക്കുന്ന അർ.എസ്.എസ്.4 ഗ്രേഡ് റബ്ബറിനാണ് ഇത് ബാധകമാകുക. നിർമ്മാണ യൂണിറ്റുകളും വിതരണക്കാരും തമ്മിൽ നിലവിലുള്ള എല്ലാ കരാറുകളും പാലിക്കപ്പെടണമെന്ന് റബ്ബർ ബോർഡിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം റീഫണ്ടും 50 ശതമാനം മൂല്യവർദ്ധിത നികുതി റീഫണ്ട് ക്ലെയിമും നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന നടപടി ക്രമങ്ങളിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രകൃതിദത്ത റബ്ബറിലുള്ള വാങ്ങൽ നികുതി ഒഴിവാക്കി നൽകുവാൻ തീരുമാനിച്ചു. അപ്രകാരം പ്രകൃതിദത്ത റബ്ബറിന്റെ പർച്ചേസ് നികുതി 31-3-2015 വരെ ഒഴിവാക്കിക്കൊണ്ട് 20-12-2014-ൽ എസ്.ആർ.ഒ. നമ്പർ 796/14 നോട്ടിഫിക്കേഷനും തുടർന്ന് നടപടി ക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് തുടർ ഉത്തരവുകളും (ജി.ഒ.(പി) നമ്പർ 207/2014/നികുതി തീയതി 22-12-2014; ജി.ഒ.(പി) നമ്പർ 16/2015/നികുതി തീയതി 21-1-2015) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ധാരണയുടെ അടിസ്ഥാനത്തിൽ 24-2-2015 മുതൽ റബ്ബർ ബോർഡ് ദൈനംദിന വില പ്രസിദ്ധീകരിച്ച് തുടങ്ങിയിട്ടുണ്ട്. റബ്ബർ കർഷകർക്ക് പരമാവധി വില ലഭിക്കുന്നതിനായി റബ്ബർ ബോർഡ് ടയർ കമ്പനികളുമായും ആർ.പി.എസ്. സെക്ടറിലുള്ള കമ്പനികളുമായും മീറ്റിംഗ് സംഘടിപ്പിച്ചു. ടയർ കമ്പനികൾ വാങ്ങുന്ന റബ്ബറിന്റെ അളവ് റബ്ബർ ബോർഡ് ദിവസേന മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പ്രധാനപ്പെട്ട ടയർ കമ്പനികൾ വാങ്ങിയ സ്വാഭാവിക റബ്ബറിന്റെ അളവ് താഴെ ചേർത്തിരിക്കുന്നു :

കാലാവധി	റബ്ബറിന്റെ അളവ് (ടൺ)
24-10-2014 മുതൽ 31-1-2015 വരെ	21636
1-2-2015 മുതൽ 28-2-2015 വരെ	13243
1-3-2015 മുതൽ 9-3-2015 വരെ	1699
ആകെ	36578

റബ്ബർ സംഭരണ നടപടികൾ ആരംഭിച്ചതിനുശേഷം റബ്ബർമാർക്ക് 804.99 ടൺ റബ്ബറും ഇതിനകം സംഭരിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നേട്ടങ്ങൾ കണക്കാക്കിയിട്ടില്ല.

(ഡി) ഇതിലൂടെ റബ്ബറിന്റെ വിലയിടിവ് തടയാൻ ഒരു പരിധിവരെ സാധ്യമായിട്ടുണ്ട്.

(ഇ) വിവരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly